LIBRARY ARCHIVES Kerala Legislative Assembly

സഹകരണ ജീവനക്കാർക്ക് പെൻഷൻ

*15 [255] ശ്രീ. കെ. മുഹമ്മദാലി:

,, തിരുവഞ്ചൂർ രാധാകൃഷ്ണൻ:

,, വർക്കല കഹാർ:

,, സി. പി. മുഹമ്മദ്:

,, ജോർജ് ജെ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എന്നു മുതൽ റിട്ടയർ ചെയ്ത സഹകരണ ജീവനക്കാർക്കാണ് പെൻഷൻ നൽകി വരുന്നത്;

(ബി) അതിനുമുൻപ് റിട്ടയർ ചെയ്തവർക്ക് പെൻഷൻ നൽകാത്തത് എന്തു കൊണ്ടാണ്;

(സി) അതിനുമുൻപ് റിട്ടയർ ചെയ്ത സഹകരണ ജീവനക്കാരുടെ എണ്ണമെത്ര; ഇവരിൽ എഴുപത് വയസ് കഴിഞ്ഞവർക്ക് ആശ്വാസ നടപടി എന്ന നിലയിൽ എന്തെങ്കിലും തുക നൽകുവാൻ സാധിക്കുമോ എന്ന് പരിശോധിക്കുമോ?

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ):

(എ) 3-6-1993 മുതൽ റിട്ടയർ ചെയ്ത സഹകരണ ജീവനക്കാർക്കാണ് ആദ്യമായി പെൻഷൻ അനുവദിച്ചത്. എന്നാൽ പിന്നീട് 1-1-1974 മുതൽ റിട്ടയർ ചെയ്തവരും ജീവിച്ചിരിക്കുന്നവരുമായ പ്രാഥമിക സഹകരണ സംഘങ്ങളിലെ ജീവനക്കാർക്കു കൂടി പെൻഷൻ ബാധകമാക്കിയിട്ടുണ്ട്.

(ബി) സഹകരണ മേഖലയിൽ സഹകരണ നിയമം 80-ാം വകുപ്പുപ്രകാരം ഏകീകൃത ശമ്പളഘടനയും സേവന വ്യവസ്ഥയും ജീവനക്കാർക്ക് നടപ്പാക്കിയത് 1-1-1974 മുതലാണ്. അപ്രകാരം നിയമിച്ചിട്ടുള്ള ജീവനക്കാർക്കാണ് പെൻഷന് അർഹതയുള്ളത്.

(സി) 1-1-1974-ന് മുൻപ് വിരമിച്ച ജീവനക്കാരുടെ എണ്ണത്തെ സംബന്ധിച്ച വിവരം ലഭ്യമല്ല. എഴുപത് വയസ് കഴിഞ്ഞവർക്ക് ധനസഹായം നൽകുന്ന കാര്യം തൽക്കാലം പരിഗണിക്കുവാൻ നിർവാഹമില്ല.

ചാരായ തൊഴിലാളി പുനരധിവാസ പദ്ധതി

*16 [256] ശ്രീ. ജോണി നെല്ലൂർ:

,, ഷിബു ബേബിജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാരായ തൊഴിലാളി പുനരധിവാസ പദ്ധതി പ്രകാരം ഇനിയും തൊഴിൽ ലഭിക്കാത്തവർ സംസ്ഥാനത്ത് നിലവിലുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ ഇവരെ പുനരധിവസിപ്പിക്കുവാനുള്ള നടപടികൾ ഏത് ഘട്ടം വരെയായിയെന്ന് വെളിപ്പെടുത്തുമോ?

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ):

(എ) നിലവിലുണ്ട്.

(ബി) മുൻ ചാരായ തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനുവേണ്ടി അവരുടെ ജില്ലാതല സീനിയോറിട്ടി ലിസ്റ്റ് തയ്യാറാക്കി പ്രസിദ്ധപ്പെടുത്തുകയും ഒരു കള്ളുഷോപ്പിൽ ഒരു ചാരായ തൊഴിലാളിയെ വീതം നിയമിക്കണമെന്ന സർക്കാർ ഉത്തരവ് പ്രകാരം 4330 തൊഴിലാളികൾക്ക് ഇതിനകം നിയമന ഉത്തരവ് നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ കേരള സംസ്ഥാന ബീവറേജസ് കോർപ്പറേഷന്റെ കീഴിലുള്ള എഫ്. എൽ. 1 ഷോപ്പുകളിൽ വരുന്ന ഒഴിവുകളുടെ 25% അർഹരായ മുൻ ചാരായ തൊഴിലാളികളെ നിയമിക്കുന്നതിനുള്ള മാനദണ്ഡം നിശ്ചയിക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

കെൽട്രോൺ ആധുനികവൽക്കരിക്കുവാൻ നടപടി

*17 [257] ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:

ശ്രീ. സ്റ്റീഫൻ ജോർജ്:

,, ജോസഫ് എം. പുതുശ്ശേരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെൽട്രോൺ നിലവിൽ ലാഭത്തിൽ പ്രവർത്തിക്കുന്നത് പരിഗണിച്ച് കെൽട്രോണിന്റെ പുതിയ വികേന്ദ്രീകരണ ശാഖകൾ സംസ്ഥാനത്തെ വിവിധ മേഖലകളിലാരംഭിക്കുവാനുള്ള നടപടി സ്വീകരിക്കുമോ;

(ബി) കെൽട്രോൺ ആധുനികവൽക്കരിക്കുവാനും ഡിഫൻസ് ഉൾപ്പെടെയുള്ള കേന്ദ്ര വകുപ്പുകളുമായി ലയിസൺ സ്ഥാപിച്ച് ഡിഫൻസ് ഉപകരണങ്ങൾ നിർമ്മിക്കുവാൻ ഓർഡറുകൾ സ്വീകരിക്കുവാനും നടപടി സ്വീകരിക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി):

(എ, ബി) കെൽട്രോണിന്റെ സമഗ്രമായ പുനരുദ്ധാരണത്തെക്കുറിച്ച് എന്റർപ്രൈസസ് റീഫോംസ് കമ്മിറ്റി പഠനം നടത്തി വരികയാണ്.

പ്രതിരോധ വകുപ്പിൽ നിന്ന് ഓർഡറുകൾ കരസ്ഥമാക്കാനുള്ള സത്വര നടപടികൾ കമ്പനി കൈക്കൊണ്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly